**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:30.07.2025**

## പ്രധാനവാർത്തകൾ

1. പാർലമെൻറിൻറെ വർഷകാല സമ്മേളനം തുടരുന്നു. ജമ്മു കശ്മീരിൻറെ മുന്നേറ്റം തകർക്കുകയായിരുന്നു പഹൽഗാം ഭീകരാക്രമണത്തിൻറെ ലക്ഷ്യമെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.
2. നിലമ്പൂർ–കോട്ടയം എക്സ്പ്രസിന് അധിക കോച്ചുകൾ അനുവദിച്ചതായി റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്.
3. വയനാട് ദുരന്തബാധിതരുടെ പട്ടികയിൽ 49 പേരെ കൂടി ഉൾപ്പെടുത്തിയതായി മന്ത്രി കെ രാജൻ.
4. ഐ എസ് ആർ ഒ - നാസ പ്രഥമ സംയുക്ത ദൗത്യം എൻ ഐ - സാർ ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു.
5. സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം നാളെ അർദ്ധരാത്രി അവസാനിക്കും. മോശം കാലവസ്ഥയെ തുടർന്ന് കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

## പാർലമെൻറ്

പാർലമെന്റിൻറെ വർഷകാല സമ്മേളനം തുടരുന്നു. മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ആറ് മാസത്തേക്ക് ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം പാസാക്കി ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഓപ്പറേഷൻ

RNU TVPM

സിന്ദൂർ സംബന്ധിച്ച ചർച്ചകളാണ് രാജ്യസഭയിൽ നടക്കുന്നത്. അനുച്ഛേദം 370 റദ്ദാക്കിയതിന് ശേഷം ജമ്മു കശ്മീരിനുണ്ടായ മുന്നേറ്റം തകർക്കുകയായിരുന്നു പഹൽഗാം ആക്രമണത്തിലൂടെ ഭീകരർ ലക്ഷ്യമിട്ടതെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ചർച്ചയിൽ അറിയിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ രാജ്യസഭയിൽ അൽപസമയത്തിനകം മറുപടി നൽകും.

&&&&&&&&&&&&&&&&&&

**<u>അശ്വിനി വൈഷ്ണവ്-ഇൻട്രോ</u>**

കേരളത്തിലെ പ്രധാനപ്പെട്ട റെയിൽ ശൃംഖലയുടെ ഡിപിആർ തയ്യാറാക്കുന്നത് സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്. ഇതിൽ ഷൊർണൂർ മുതൽ മംഗളൂരു ഉൾപ്പെടെ വിവിധ റെയിൽ ലൈനുകളുടെ ഡിപിആർ നടക്കുകയാണ്. നിലമ്പൂർ–കോട്ടയം എക്സ്പ്രസിന് അധിക കോച്ചുകൾ അനുവദിച്ചതായും അദ്ദേഹം ലോക്സഭയിൽ ചോദ്യോത്തരവേളയിൽ അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&

**<u>മന്ത്രിസഭാ യോഗം</u>**

വയനാട് ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരിലെ ആദിവാസി കുടുംബങ്ങൾക്കായി കണ്ടെത്തിയ ഭൂമിക്ക് Record of Rights നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം നിർദ്ദേശം നൽകി. ദുരന്ത ബാധിതരുടെ ചികിത്സക്ക് 6 കോടി രൂപ അനുവദിക്കും. അടുത്ത മാസം 31 വരെ നടത്തുന്ന ഫയൽ അദാലത്തിൻറെ പുരോഗതി മന്ത്രിസഭായോഗം വിലയിരുത്തി. ഷോക്കേറ്റ് മരിച്ച കൊല്ലം തേവലക്കര ബോയ്സ് സ്കൂൾ വിദ്യാർത്ഥി മിഥുൻറെ മാതാപിതാക്കൾക്ക് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാനും തീരുമാനിച്ചു.

PNU TVPM

&&&&&&&&&&&&&&&&&&

<u>വയനാട് ഉരുൾപൊ ട്ടൽ (ഇൻട്രോ)</u>

വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിന് ഒരു വർഷം പൂർത്തിയാകുമ്പോൾ അതിജീവനത്തിൻറെ പാതയിലാണ് മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ നിവാസികൾ. ദുരന്തബാധിത പ്രദേശത്ത് സർവമത പ്രാർത്ഥനയും, അനുസ്മരണ സമ്മേളനവും ഇന്ന് നടന്നു. **ആകാശവാണി വയനാട് ജി ല്ല പ്രതിനിധി അരുൺ വിൻസെൻറ് തയ്യാറാക്കിയ റിപ്പോർട്ട്..........**

(വോയിസ്)

&&&&&&&&&&&&&&&&&&

<u>കെ രാജൻ-ഇൻട്രോ</u>

വയനാട് ദുരന്തബാധിത പട്ടികയിൽ ഉൾപ്പെടാത്ത 49 പേരെ കൂടി പുതുതായി ചേർത്തതായി റവന്യുമന്ത്രി കെ രാജൻ. പുത്തുമല ഹൃദയഭൂമി സ്മാരകമാക്കുമെന്നും ഇതിനായി 93 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും മേപ്പാടിയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ അദ്ദേഹം അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&

<u>മന്ത്രി ജോർജ്ജ് കുര്യൻ</u>

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം നാളെ നടക്കും. കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ വിശിഷ്ടാതിഥിയാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കും. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 177 കോടി രൂപ ചെലവഴിച്ചാണ് തുറമുഖം 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' നിലവാരത്തിലേക്ക് ഉയർത്തുന്നത്.

&&&&&&&&&&&&&&&&&&

RNU TVPM

## സഭാ പ്രതിഷേധം

ഛത്തീസ്ഗഢിലെ മലയാളി കന്യാസ്ത്രീകളുടെ അറസ്റ്റിൽ ക്രിസ്ത്യൻ സഭകളുടെ സംയുക്ത പ്രതിഷേധം ഇന്ന് തിരുവനന്തപുരത്ത് നടന്നു. വിവിധ സഭാ നേതാക്കളുടെ നേതൃത്വത്തിൽ രാജ്ഭവനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. അതെസമയം, ഛത്തീസ് ഗഢ് സംഭവത്തിൽ പ്രതിഷേധിച്ച് കെപിസിസിയുടെ നേതൃത്വത്തിലും രാജ്ഭവൻ മാർച്ച് നടത്തി.

&&&&&&&&&&&&&&&&&&

## നിമിഷ പ്രിയ

യമനിലെ മലയാളി നേഴ്സ് നിമിഷ പ്രിയയുടെ വധശിക്ഷ റദ്ദാക്കിയെന്ന വാദം തെറ്റെന്ന് വിദേശകാര്യ മന്ത്രാലയം. തെറ്റായ വിവരങ്ങളും ഊഹാപോഹങ്ങളും പ്രചരിപ്പിക്കരുതെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## റേഷൻ വിതരണം

സംസ്ഥാനത്ത് ജൂലൈ മാസത്തെ റേഷൻ വിതരണം നാളെ പൂർത്തിയാകും. ഓഗസ്റ്റ് 1 ന് റേഷൻകടകൾക്ക് അവധിയായിരിക്കും. രണ്ടാം തീയതി മുതൽ ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

&&&&&&&&&&&&&&&&&&

## കർശന നടപടി

അടിയന്തിര ഘട്ടങ്ങളിൽ പോലീസിന്റെ സഹായം ലഭ്യമാക്കുന്നതിന് സജ്ജമാക്കിയിരിക്കുന്ന 112 സംവിധാനം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കേരള പോലീസ്. 24 മണിക്കൂറും പ്രവർത്തനസജ്ജമായ ഈ സേവനത്തിന്റെ ദുരുപയോഗം ശിക്ഷാർഹമാണെന്നും അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

RNUTVPM

## ഐ എസ് ആർ ഒ

ഐ എസ് ആർ ഒ യുടെയും നാസയുടെയും പ്രഥമ സംയുക്ത ദൗത്യമായ - എൻ ഐ - സാർ ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും ജിഎസ്എൽവി-എഫ് 16 റോക്കറ്റ് ഉപയോഗിച്ചായിരുന്നു വിക്ഷേപണം. സസ്യജാലങ്ങളുടെ മാറ്റങ്ങൾ, മഞ്ഞുപാളികളിലുള്ള മാറ്റങ്ങൾ, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുകയാണ് ഈ ഭൗമ നിരീക്ഷണ ദൗത്യത്തിന്റെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

## കെഎസ്ആർടിസി- (ഇൻട്രാ)

സംസ്ഥാനത്തെ എല്ലാ കെഎസ്ആർടിസി സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളിലും ഇനി പ്രത്യേക മൊബൈൽ നമ്പർ. കെഎസ്ആർടിസിയുമായുള്ള ആശയവിനിമയം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പുതിയ സംവിധാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് ..**

(വോയിസ്)

RNUTVPM

&&&&&&&&&&&&&&&&&&

## ട്രോളിംഗ്

സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം നാളെ അർദ്ധരാത്രി അവസാനിക്കും. തീരമേഖല ഏറെ പ്രതീക്ഷയിലാണ്. ബോട്ട് യാർഡുകളിൽ ചില ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ അവസാനഘട്ടത്തിലാണ്. പെയിൻ്റിങ്ങ് ഉൾപ്പടെ പൂർത്തിയായ ബോട്ടുകളിൽ ഇന്ധനം നിറച്ച് ഐസും , മത്സ്യബന്ധന ഉപകരണങ്ങളും,ആഹാരസാധനങ്ങളും കയറ്റിത്തുടങ്ങി. മത്സ്യസംസ്കരണ ശാലകളും പുതിയ സീസണിനായി സജ്ജമായി.

&&&&&&&&&&&&&&&&&&

## മത്സ്യത്തൊഴിലാളി ജാഗ്രത

കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിലുള്ള ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## കളപ്പാറ അപകടം

കോഴിക്കോട് - മലപ്പുറം ജില്ലാ അതിർത്തിയിലെ കളപ്പാറയിൽ കോഴി മാലിന്യസംസ്കരണ യൂണിറ്റിലെ കെമിക്കൽ ടാങ്കിൽ വീണ് 3 അതിഥി തൊഴിലാളികൾ മരിച്ചു. ടാങ്ക് വൃത്തിയാക്കുന്നതിനിടെയായിരുന്നു അപകടം. സംഭവം ലേബർ കമ്മീഷണർ അന്വേഷിക്കുമെന്ന് മന്ത്രി വി ശിവൻ കുട്ടി അറിയിച്ചു.

&&&&&&&&&&&&&&&&&&

## ഗതാഗതം പുനസ്ഥാപിച്ചു

മണ്ണിടിച്ചിലിനെ തുടർന്ന് മൂന്നാർ - ദേവികുളം റോഡിൽ തടസ്സപ്പെട്ട ഗതാഗതം പുനസ്ഥാപിച്ചു. മണ്ണ് ഭാഗീകമായി നീക്കിയാണ് റോഡ് ഗതാഗതത്തിനായി തുറന്നത്. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡന് സമീപമാണ് ഗതാഗതം പൂർണ്ണമായി തടസ്സപ്പെട്ടത്.

&&&&&&&&&&&&&&&&&&

## സിബിസി - ബോധവത്കരണ പരിപാടി

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ തൃശ്ശൂർ യൂണിറ്റ് സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ ബോധവത്കരണ പരിപാടിക്ക് ഗുരുവായൂർ ലിറ്റിൽ ഫ്ലവർ കോളേജിൽ തുടക്കമായി. വിവിധ വകുപ്പുകളുടെ പ്രദർശന സ്റ്റാളുകൾ, ഫോട്ടോ പ്രദർശനം, കലാ പരിപാടികൾ എന്നിവയും ഇതോട് അനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

RNU TVPM

## നിറപുത്തരി

കേരളത്തിലെ ക്ഷേത്രങ്ങളിൽ നിറപുത്തരിയോടനുബന്ധിച്ച് ഇന്ന് പ്രത്യേക ചടങ്ങുകൾ നടന്നു. ശബരിമല സന്നിധാനത്ത് നടന്ന നിറപുത്തരി പൂജകളിൽ വൻ തിരക്ക് അനുഭവപ്പെട്ടു. ഇന്നു രാത്രി 10 ന് നട അടക്കും.

&&&&&&&&&&&&&&&&&&

## ഹെൽപ്പ് ഡസ്ക്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജനക്ഷേമകരമായ പദ്ധതികൾ സാധാരണക്കാരിൽ എത്തിക്കാൻ ബിജെപി തിരുവനന്തപുരം സിറ്റി, ജില്ലയിൽ ഹെല്പ് ഡസ്ക് ആരംഭിച്ചു. പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി S.സുരേഷ് ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

PNU TVPM

## പി. പൂക്കുഞ്ഞിക്കോയ

ലക്ഷദ്വീപ് മുൻ പാർലിമെന്റ് അംഗം ഡോ. പി. പൂക്കുഞ്ഞിക്കോയ അന്തരിച്ചു. 76 വയസ്സായിരുന്നു. അമിനി ദ്വീപിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെയായിരുന്നു അന്ത്യം. 2004-ൽ ജനതാദൾ യുണൈറ്റഡിന് വേണ്ടി മത്സരിച്ചാണ് പി. പൂക്കുഞ്ഞിക്കോയ ലോക്സഭയിലെത്തിയത്.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ് ടെസ്റ്റ്

ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം നാളെ വൈകിട്ട് 3.30ന് ഓവലിൽ ആരംഭിക്കും. പരമ്പരയിൽ 2-1ന് ഇംഗ്ലണ്ട് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികള്നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 144

പോയിന്റ് ഉയർന്ന് 81,482 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 34 പോയിന്റ് നേട്ടത്തിൽ 24,855 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില പവന് 480 രൂപ വർധിച്ച് 73,680 രൂപയും ഗ്രാമിന് 9,210 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

മന്ത്രി വീണാ ജോർജ്.

ജനങ്ങൾക്ക് സുരക്ഷിതവും ഫലപ്രദവും ഗുണനിലവാരമുള്ളതുമായ മരുന്നുകളും സൗന്ദര്യവർധക വസ്തുക്കളും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നതായി മന്ത്രി വീണാ ജോർജ്. നിയമം ലംഘിച്ചവർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

കരട് വോട്ടർപട്ടിക

തദ്ദേശ തെരഞ്ഞെടുപ്പിനുള്ള കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച ശേഷം പേര് ഉൾപ്പെടുത്താൻ ഇതുവരെ ലഭിച്ചത് മൂന്നേമുക്കാൽ ലക്ഷത്തോളം അപേക്ഷ. ആഗസ്റ്റ് ഏഴുവരെ പേരു ചേർക്കാനും തിരുത്താനും അവസരമുണ്ട്. 30ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

RNI TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&